ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത ഫീസ് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ പരിശോധിക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുമടങ്ങുന്ന സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പി.എസ്.സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം

23(4627) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ./എൽ.പി.എസ്.എ തസ്തികകളിലേക്ക് 2014 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ഇനിയും നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ/എൽ.പി.എസ്.എ. തസ്തികകളിലേക്ക് എത്ര പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ളവർക്ക് നിയമനം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തസ്തിക പുനർ നിർണ്ണയത്തിൽ തസ്തികകൾ കുറഞ്ഞതിനാലാണ് നിയമനം നൽകുവാൻ കഴിയാത്തത് എങ്കിൽ ഇവരെ സൂപ്പർ ന്യൂമറി ആയി നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തസ്തിക നിർണ്ണയംമൂലം നിരവധി അദ്ധ്യാപക തസ്തികകൾ നഷ്ടമായതിനാൽ നിലവിൽ ഒഴിവുകളില്ല. തസ്തിക നിർണ്ണയത്തിനു മുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകളിൽ ഒഴിവുകളില്ലാത്ത കാരണത്താൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	എച്ച്.എസ്.എ. നാച്വറൽ സയൻസ്	-	3
	എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്	-	4
	എച്ച്.എസ്.എ. മാത്സ്	-	6
	എച്ച്.എസ്.എ. ഹിന്ദി	-	4
	എൽ.പി.എസ്.എ. മലയാളം	-	12
	ആകെ	-	29

(സി&ഡി) ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി പ്രവേശനം

24(4628) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് 2-ൽ 40 കുട്ടികൾ പോലും ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട്; സർക്കാർ/എയിഡഡ്/അൺ എയിഡഡ് എന്നിങ്ങനെ ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) 2013-14 അദ്ധ്യായന വർഷം ഹയർസെക്കണ്ടറിക്ക് കുട്ടികളില്ലാതെ സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ എത്ര ബാച്ചുകൾ നഷ്ടപ്പെട്ടിരുന്നു; ഇതു വഴി എത്ര അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെട്ടു; സർക്കാർ/എയിഡഡ് എന്നിങ്ങനെ ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(സി) അൺ എയിഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി അനുമതി ലഭിച്ചവയിൽ മതിയായ കുട്ടികൾ ലഭിക്കാത്ത അൺ എയിഡഡ് സ്കൂളുകൾ എത്ര ; ജില്ല തിരിച്ചു വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ സ്കൂളുകൾ

ഗവൺമെന്റ്	-	7
ആലപ്പുഴ	-	1
ഇടുക്കി	-	3

LIBRARY ARCHIVES Kerala Legislative Assembly